**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 599**

**28/09/2016-ൽ മറുപടിയ്ക്ക്**

## ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ടി. ബൽറാം<br>ശ്രീ സണ്ണി ജോസഫ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്കായി തയ്യാറാക്കിയിരിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്പമെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| (ബി) | സ്വയംപര്യാപ്തത നേടുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന പാലുല്പാദന അളവ് എത്രയാണെന്ന് വിശദമാക്കുമോ ; | (ബി) | പ്രതിദിനം ഏകദേശം 10 ലക്ഷം ലിറ്റർ |

(..മറുപുറം)

(സി) ഏതെല്ലാം മേഖലയിൽ ഉള്ളവരെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

(സി) ക്ഷീരകർഷകർ, തൊഴിൽരഹിതരായ യുവതീ യുവാക്കൾ, ക്ഷീരവികസന വകുപ്പിന്റെ നൈപുണ്യ പരിശീലനം ലഭിച്ചവർ, NRI സംരംഭകർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ടവർ എന്നിവരെ പ്രയോജനപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ